# ഓൺലൈൻ ഗണിതക്ലാസ്സ് - X - 11 ( 14 / 07 /2021 )

## 1. സമാന്തരശ്രേണികൾ - ക്ലാസ്സ് 9

**കഴിഞ്ഞ ക്ലാസ്സിൽ നാം പഠിച്ചത് .**

- ★ $n$ ഒരു ഒറ്റസംഖ്യയായാൽ , ഏതു സമാന്തരശ്രേണിയുടെയും തുടർച്ചയായ $n$ പദങ്ങളുടെ തുക നടുവിലെ പദത്തിന്റെ $n$ മടങ്ങായിരിക്കും .
- ★ ഏതു സമാന്തരശ്രേണിയിലെയും അടുത്തടുത്ത ഒറ്റ എണ്ണം പദങ്ങളിൽ , നടുക്കു നിന്ന് ഇരു വശത്തേക്കും ഒരേ അകലത്തിലുള്ള പദങ്ങളുടെ ഓരോ ജോടികളുടെയും തുകയുടെ പകുതിയാണ് നടുവിലെ പദം .
- ★ ഏതു സമാന്തരശ്രേണിയിലെയും ഏതെങ്കിലും രണ്ടു ജോടി സ്ഥാനങ്ങളുടെ തുക തുല്യമാണെങ്കിൽ , ആ സ്ഥാനങ്ങളിലെ പദങ്ങളുടെ തുകയും തുല്യമായിരിക്കും .

**പ്രവർത്തനം 1**

ഒരു സമാന്തരശ്രേണിയുടെ ഏഴാം പദം 15 ആയാൽ ആ ശ്രേണിയുടെ ആദ്യത്തെ 13 പദങ്ങളുടെ തുകയെത്ര ?

**ഉത്തരം**

ശ്രേണിയുടെ ആദ്യത്തെ 13 പദങ്ങളുടെ തുക = 13 x നടുവിലെ പദം

= 13 x ഏഴാം പദം

= 13 x 15 = 195

**പ്രവർത്തനം 2**

ഒരു സമാന്തരശ്രേണിയുടെ നാലാംപദത്തിന്റെയും പതിനാലാം പദത്തിന്റെയും തുക 56 .

ആ ശ്രേണിയുടെ

a) ആദ്യപദത്തിന്റെയും പതിനേഴാം പദത്തിന്റെയും തുകയെത്ര ?

b) ഒൻപതാം പദമെത്ര ?

c) ആദ്യത്തെ 17 പദങ്ങളുടെ തുകയെത്ര ?

**ഉത്തരം**

$$x_4 + x_{14} = 56$$

**a)** $x_1 + x_{17} = 56$

**b)** $x_9 = \frac{x_1 + x_{17}}{2} = \frac{56}{2} = 28$

**c) ശ്രേണിയുടെ ആദ്യത്തെ 17 പദങ്ങളുടെ തുക = 17 x നടുവിലെ പദം**

$= 17 \ x \ x_9$

$= 17 \ x \ 28 = 476$

**പ്രവർത്തനം 3**

**ഒരു സമാന്തരശ്രേണിയുടെ ആദ്യപദത്തിന്റെയും പന്ത്രണ്ടാം പദത്തിന്റെയും തുക 69 .**

**ആ ശ്രേണിയുടെ**

**a) രണ്ടാം പദത്തിന്റെയും പതിനൊന്നാം പദത്തിന്റെയും തുകയെത്ര ?**

**b) മൂന്നാം പദത്തിന്റെയും പത്താം പദത്തിന്റെയും തുകയെത്ര ?**

**c) നാലാം പദത്തിന്റെയും ഒൻപതാം പദത്തിന്റെയും തുകയെത്ര ?**

**d) അഞ്ചാം പദത്തിന്റെയും എട്ടാം പദത്തിന്റെയും തുകയെത്ര ?**

**e) ആറാം പദത്തിന്റെയും ഏഴാം പദത്തിന്റെയും തുകയെത്ര ?**

**f) ആദ്യത്തെ 12 പദങ്ങളുടെ തുകയെത്ര ?**

**ഉത്തരം**

$$x_1 + x_{12} = 69$$

**a)** $x_2 + x_{11} = 69$

**b)** $x_3 + x_{10} = 69$

**c)** $x_4 + x_9 = 69$

**d)** $x_5 + x_8 = 69$

e) $x_6 + x_7 = 69$

f) ആദ്യത്തെ 12 പദങ്ങളുടെ തുക = $6 \times 69 = 414$ ( ആകെ 6 ജോടികൾ )

പ്രവർത്തനം 4 ( ആദ്യത്തെ നിശ്ചിത എണ്ണം എണ്ണൽ സംഖ്യകളുടെ തുക )

Case 1 ( എണ്ണം ഒറ്റ സംഖ്യയായാൽ )

| | തുക | |
|---|---|---|
| 1 + 2 + 3 | 3 x നടുവിലെ പദം | 3 x 2 = 6 |
| 1 + 2 + 3 + 4 + 5 | 5 x നടുവിലെ പദം | 5 x 3 = 15 |
| 1 + 2 + 3 + 4 + 5 + 6 + 7 | 7 x നടുവിലെ പദം | 7 x 4 = 28 |
| 1 + 2 + 3 + 4 + 5 + 6 + 7 + 8 + 9 | 9 x നടുവിലെ പദം | 9 x 5 = 45 |
| 1 + 2 + 3 + 4 + 5 + 6 + 7 + 8 + 9 + 10 + 11 | 11 x നടുവിലെ പദം | 11 x 6 = 66 |

NOTE :

| എണ്ണൽസംഖ്യകളുടെ എണ്ണം ( 1 മുതൽ തുടർച്ചയായ ) | നടുവിലെ പദം |
|---|---|
| 3 | 2 |
| 5 | 3 |
| 11 | 6 |
| 25 | 13 |
| $n$ ഒരു ഒറ്റ സംഖ്യ | $\frac{n+1}{2}$ |

$$1 + 2 + 3 + . . . + 15 = 15 \times \text{മധ്യപദം} = 15 \times \left(\frac{15+1}{2}\right) = 15 \times \frac{16}{2} = 15 \times 8 = 120$$

$$1 + 2 + 3 + . . . + 25 = 25 \times \text{മധ്യപദം} = 25 \times \left(\frac{25+1}{2}\right) = 15 \times \frac{26}{2} = 25 \times 13 = 325$$

$$1 + 2 + 3 + . . . + 31 = 31 \times \text{മധ്യപദം} = 31 \times \left(\frac{31+1}{2}\right) = 31 \times \frac{32}{2} = 31 \times 16 = 496$$

$$1 + 2 + 3 + . . . + 49 = 49 \times \text{മധ്യപദം} = 49 \times \left(\frac{49+1}{2}\right) = 49 \times \frac{50}{2} = 49 \times 25 = 1225$$

**$n$ ഒരു ഒറ്റസംഖ്യയായാൽ ,**

$$1 + 2 + 3 + . . . + n = n \times \text{മധ്യപദം} = n \times \left(\frac{n+1}{2}\right) = \frac{n\ (n+1)}{2}$$

**കണ്ടെത്തൽ**

**$n$ ഒരു ഒറ്റസംഖ്യയായാൽ ,** $1 + 2 + 3 + . . . + n = \frac{n\ (n+1)}{2}$

**Case 2** **( എണ്ണം ഇരട്ട സംഖ്യയായാൽ )**

| | സ്ഥാനങ്ങളുടെ തുക തുല്യമായ പദജോടികളുടെ എണ്ണം | പദജോടികളിൽ ഒന്നിന്റെ തുക | പദങ്ങളുടെ തുക |
|---|---|---|---|
| 1 + 2 + 3 + 4 | 2 | 5 | 2 x 5 = 10 |
| 1 + 2 + 3 + 4 + 5 + 6 | 3 | 7 | 3 x 7 = 21 |
| 1 + 2 + 3 + 4 + 5 + 6 + 7 + 8 | 4 | 9 | 4 x 9 = 36 |
| 1 + 2 + 3 + 4 + 5 + 6 + 7 + 8 + 9 + 10 | 5 | 11 | 5 x 11 = 55 |
| 1 + 2 + 3 + 4 + 5 + 6 + 7 + 8 + 9 + 10 + 11 + 12 | 6 | 13 | 6 x 13 = 78 |

**NOTE :**

**1. ഒരു സമാന്തരശ്രേണിയിലെ ആദ്യത്തെ 12 പദങ്ങൾ തന്നിരുന്നാൽ ,**

$$x_1 + x_{12} = x_2 + x_{11} = x_3 + x_{10} = x_4 + x_9 = x_5 + x_8 = x_6 + x_7$$

**2.**

| എണ്ണൽസംഖ്യകളുടെ എണ്ണം ( 1 മുതൽ തുടർച്ചയായ ) | തുക തുല്യമായ പദജോടികളുടെ എണ്ണം ( സ്ഥാനങ്ങളുടെ തുക തുല്യമായ ) |
|---|---|
| 4 | 2 |
| 6 | 3 |
| 10 | 5 |
| 50 | 25 |
| $n$ ഒരു ഇരട്ടസംഖ്യ | $\frac{n}{2}$ |

$1 + 2 + 3 + . . . + 16 = \frac{16}{2} \times$ ഒരു പദ ജോടിയുടെ തുക $= \frac{16}{2} \times (1+16) = 8 \times 17 = 136$

$1 + 2 + 3 + . . . + 20 = \frac{20}{2} \times$ ഒരു പദ ജോടിയുടെ തുക $= \frac{20}{2} \times (1+20) = 10 \times 21 = 210$

$1 + 2 + 3 + . . . + 30 = \frac{30}{2} \times$ ഒരു പദ ജോടിയുടെ തുക $= \frac{30}{2} \times (1+30) = 15 \times 30 = 450$

$1 + 2 + 3 + . . . + 50 = \frac{50}{2} \times$ ഒരു പദ ജോടിയുടെ തുക $= \frac{50}{2} \times (1+50) = 25 \times 51 = 1275$

**$n$ ഒരു ഇരട്ട സംഖ്യയായാൽ ,**

$1 + 2 + 3 + . . . + n = \frac{n}{2} \times$ ഒരു പദ ജോടിയുടെ തുക $= \frac{n}{2} \times (1+n) = \frac{n\ (1+n)}{2}$

$$= \frac{n\ (n+1)}{2}$$

## കണ്ടെത്തൽ

$n$ ഒരു ഇരട്ടസംഖ്യയായാൽ , $1 + 2 + 3 + . . . + n = \frac{n\ (n+1)}{2}$

## ക്രോഡീകരണം

**ഒന്നു മുതലുള്ള തുടർച്ചയായ കുറേ എണ്ണൽസംഖ്യകളുടെ തുക , അവസാനസംഖ്യയുടെയും അതിനടുത്ത എണ്ണൽസംഖ്യയുടെയും ഗുണനഫലത്തിന്റെ പകുതിയാണ് .**

**അതായത്,** $1 + 2 + 3 + . . . + n = \frac{n\ (n+1)}{2}$

## പ്രവർത്തനം 5

**താഴെപ്പറയുന്ന തുകകൾ കണ്ടുപിടിക്കുക .**

**a)** $1 + 2 + 3 + . . . + 100$

**b)** $2 + 4 + 6 + . . . + 200$

**c)** $3 + 6 + 9 + . . . + 300$

**d)** $4 + 8 + 12 + . . . + 400$

## ഉത്തരം

**a)** $1 + 2 + 3 + . . . + 100 = \frac{100 \times 101}{2} = 5050$

**b)** $2 + 4 + 6 + . . . + 200 = 2(\ 1 + 2 + 3 + . . . + 100\ ) = 2 \times 5050 = 10100$

**c)** $3 + 6 + 9 + . . . + 300 = 3(\ 1 + 2 + 3 + . . . + 100\ ) = 3 \times 5050 = 15150$

**d)** $4 + 8 + 12 + . . . + 400 = 4(\ 1 + 2 + 3 + . . . + 100\ ) = 4 \times 5050 = 20200$

## പ്രവർത്തനം 6

**താഴെപ്പറയുന്ന തുകകൾ കണ്ടുപിടിക്കുക .**

**a)** $1 + 2 + 3 + . . . + 100$

**b)** $5 + 10 + 15 + . . . + 500$

**c)** $6 + 11 + 16 + . . . + 501$

**ഉത്തരം**

**a)** $1 + 2 + 3 + . . . + 100 = \frac{100 \times 101}{2} = 5050$

**b)** $5 + 10 + 15 + . . . + 500 = 5(1 + 2 + 3 + . . . + 100) = 5 \times 5050 = 25250$

**c)** $6 + 11 + 16 + . . . + 501 = 25250 + (100 \times 1) = 25250 + 100 = 25350$

**( ഇവിടെ** 5 , 10 , 15 , . . . . , 500 **എന്ന സമാന്തരശ്രേണിയിലെ ഓരോ പദത്തിനോടും 1 കൂട്ടുമ്പോഴാണ്** 6 , 11 , 16 , . . . . , 501 **എന്ന സമാന്തരശ്രേണിയിലെ പദങ്ങൾ കിട്ടുന്നത് )**

**പ്രവർത്തനം 7**

**താഴെപ്പറയുന്ന തുകകൾ കണ്ടുപിടിക്കുക .**

**a)** $1 + 2 + 3 + . . . + 100$

**b)** $7 + 14 + 21 + . . . + 700$

**c)** $4 + 11 + 18 + . . . + 697$

**ഉത്തരം**

**a)** $1 + 2 + 3 + . . . + 100 = \frac{100 \times 101}{2} = 5050$

**b)** $7 + 14 + 21 + . . . + 700 = 7(1 + 2 + 3 + . . . + 100) = 7 \times 5050 = 35350$

**c)** $4 + 11 + 18 + . . . + 697 = 25250 - (100 \times 3) = 25250 - 300 = 24950$

**(ഇവിടെ** 7 , 14 , 21 , . . . . , 700 **എന്ന സമാന്തരശ്രേണിയിലെ ഓരോ പദത്തിൽ നിന്നും 3 കുറച്ചാലാണ്** 4 , 11 , 18 , . . . . , 697 **എന്ന സമാന്തരശ്രേണിയിലെ പദങ്ങൾ കിട്ടുന്നത്)**

**പ്രവർത്തനം 8**

**താഴെപ്പറയുന്ന തുകകൾ കണ്ടുപിടിക്കുക .**

**a)** $1 + 2 + 3 + . . . + 20$

**b)** $10 + 20 + 30 + . . . + 200$

**c)** $6 + 16 + 26 + . . . + 196$

**ഉത്തരം**

**a)** $1 + 2 + 3 + \ldots + 20 = \frac{20 \times 21}{2} = 210$

**b)** $10 + 20 + 30 + \ldots + 200 = 10(1 + 2 + 3 + \ldots + 20) = 10 \times 210 = 2100$

**c)** $6 + 16 + 26 + \ldots + 196 = 2100 - (20 \times 4) = 2100 - 80 = 2020$

**(ഇവിടെ $10, 20, 30, \ldots, 200$ എന്നസമാന്തരശ്രേണിയിലെ ഓരോ പദത്തിൽ നിന്നും 4 കുറച്ചാലാണ് $6, 16, 26, \ldots, 196$ എന്ന സമാന്തരശ്രേണിയിലെ പദങ്ങൾ കിട്ടുന്നത്)**

**പ്രവർത്തനം 9 ( ഒരു സമാന്തരശ്രേണിയിലെ ആദ്യത്തെ $n$ പദങ്ങളുടെ തുക )**

**ഏതു സമാന്തരശ്രേണിയും ,**

$$x_n = an + b$$

**എന്ന രൂപത്തിലാണല്ലോ . ഇതിലെ ആദ്യത്തെ $n$ പദങ്ങളുടെ തുക കണക്കാക്കാൻ $n = 1, 2, 3, \ldots$ എന്നെഴുതി കൂട്ടാം .**

**ഒന്നാം പദം** $= a \times 1 + b = a + b$

**രണ്ടാം പദം** $= a \times 2 + b = 2a + b$

**മൂന്നാം പദം** $= a \times 3 + b = 3a + b$

**നാലാം പദം** $= a \times 4 + b = 4a + b$

**അഞ്ചാം പദം** $= a \times 5 + b = 5a + b$

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

**$n$-)0 പദം** $= an + b$

$$x_1 + x_2 + x_3 + \ldots + x_n = (a + 2a + 3a + \ldots + an) + \underbrace{(b + b + b + \ldots + b)}_{n \text{ എണ്ണം}}$$

$$= a(1 + 2 + 3 + \ldots + n) + b \times n$$

$$= a\frac{n(n+1)}{2} + bn$$

## കണ്ടെത്തൽ

**ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം ,**

$$x_n = an + b$$

**ആണെങ്കിൽ , അതിലെ ആദ്യത്തെ $n$ പദങ്ങളുടെ തുക**

$$x_1 + x_2 + x_3 + . . . + x_n = a\frac{n(n+1)}{2} + bn$$

**NOTE :**

| സമാന്തരശ്രേണി | ബീജഗണിതരൂപം | ആദ്യത്തെ $n$ പദങ്ങളുടെ തുക |
|---|---|---|
| **5 , 8 , 11 , . . .** | $3n + 2$ | $3 \times \frac{n(n+1)}{2} + 2n$ |
| **7 , 11 , 15 , . . .** | $4n + 3$ | $4 \times \frac{n(n+1)}{2} + 3n$ |
| **11 , 21 , 31 , . . .** | $10n + 1$ | $10 \times \frac{n(n+1)}{2} + n$ |
| **1 , 6 , 11 , . . .** | $5n - 4$ | $5 \times \frac{n(n+1)}{2} - 4n$ |
| **7 , 15 , 23 , . . .** | $8n - 1$ | $8 \times \frac{n(n+1)}{2} - n$ |

## പ്രവർത്തനം 10

**2 , 9 , 16 , . . . എന്ന സമാന്തരശ്രേണിയുടെയും 5 , 12 , 19 , . . . എന്ന സമാന്തരശ്രേണിയുടെയും ആദ്യത്തെ 20 പദങ്ങളുടെ തുകകൾ തമ്മിലുള്ള വ്യത്യാസം കണക്കാക്കുക .**

**ഉത്തരം**

$$5 + 12 + 19 + . . . + x_{20} \;\; -$$

$$2 + 9 + 16 + . . . + y_{20}$$

$$3 + 3 + 3 + . . . + 3 = 3 \times 20 = 60$$

## പ്രവർത്തനം 11

**7 , 11 , 15 , . . . എന്ന സമാന്തരശ്രേണിയുടെ ആദ്യത്തെ 10 പദങ്ങളുടെ തുകയും അടുത്ത 10 പദങ്ങളുടെ തുകയും തമ്മിലുള്ള വ്യത്യാസം എത്രയാണ് ?**

## ഉത്തരം

$d = 11 - 7 = 4$

$$\begin{array}{l} x_{11} + x_{12} + x_{13} + \ . \ . \ . + x_{20} \ - \\ x_1 + x_2 + x_3 + \ . \ . \ . + x_{10} \\ \hline 10d + 10d + 10d + \ . \ . \ . + 10d = 10 \times 10d \end{array}$$

$$= 10 \times 10 \times 4 = 400$$

## പ്രവർത്തനം 12

**പൊതുവ്യത്യാസം 6 ആയ ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ 20 പദങ്ങളുടെ തുക 1300 ആണ് . ശ്രേണി എഴുതുക .**

## ഉത്തരം

$$x_1 + x_{20} = \frac{1300}{10} = 130$$ **( 20 പദങ്ങൾ = ആകെ 10 ജോടികൾ )**

$$x_1 + (x_1 + 19d) = 130$$

$$2x_1 + 19d = 130$$

$$2x_1 + 19 \times 6 = 130$$

$$2x_1 + 114 = 130$$

$$2x_1 = 130 - 114 = 16$$

$$x_1 = \frac{16}{2} = 8$$

**ശ്രേണി = 8 , 14 , 20 , . . .**

**NOTE :** **(മറ്റൊരു രീതി )**

**പൊതുവ്യത്യാസം 6 ആയ ഏതു സമാന്തരശ്രേണിയുടെയും ബീജഗണിതരൂപം** $6n + b$ **എന്നെടുക്കാം .**

**ആദ്യത്തെ 20 പദങ്ങളുടെ തുക = 1300**

==> $6 \times \frac{20 \times 21}{2} + b \times 20 = 1300$

$6 \times 210 + 20b = 1300$

$1260 + 20b = 1300$

$20b = 1300 - 1260 = 40$

$b = \frac{40}{20} = 2$

$x_n = 6n + b = 6n + 2$

$x_1 = 6 \times 1 + 2 = 6 + 2 = 8$

**ശ്രേണി = 8 , 14 , 20 , . . .**

വണ്ടൂർ ഗണിതം